# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

കോഴ്സ് സർട്ടിഫിക്കറ്റ്, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ എന്നീ സർട്ടിഫിക്കറ്റുകൾ – കോളേജ് മാറ്റം, കോളേജ് പുനഃപ്രവേശനം തുടങ്ങിയ സേവനങ്ങൾ ഓൺലൈനാക്കി ഉത്തരവാകുന്നു.

==========================================================================================

**CITAD വിഭാഗം**

സ.ഉ.നം: 5846/സിറ്റാഡ്/2018. പ്രിയദർശിനിഹിൽസ്, തീയതി: 30.07.2018.

==========================================================================================

പരാമർശം : (1) 19.07.2018–ന് കൂടിയ ഇ–പേയ്മെന്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം.

(2) 20.07.2018 ൽ കൂടിയ വിവിധ അക്കാദമിക് സെക്ഷനുകളിലെ ജീവനക്കാരുടെ യോഗം.

## ഉത്തരവ്

സർവകലാശാലയുടെ ഇ–പേയ്മെന്റ് മോണിറ്ററിംഗ് കമ്മിറ്റി 19.07.2018 ന് ചേർന്ന യോഗത്തിൽ കോഴ്സ് സർട്ടിഫിക്കറ്റ്, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ എന്നീ സർട്ടിഫിക്കറ്റുകളും കോളേജ് മാറ്റം, കോളേജ് പുനഃപ്രവേശനം തുടങ്ങിയ സേവനങ്ങളും ഓൺലൈനാക്കുന്നതിന് തീരുമാനിച്ചു. 20.07.2018 ന് ഇതുമായി ബന്ധപ്പെട്ട ഓഫീസർമാരുടെയും സെക്ഷനുകളുടെയും ഒരു യോഗം പ്രോ–വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന്, താഴെപ്പറയുന്ന ശിപാർശകൾ സമർപ്പിച്ചു.

1. കോളേജുകളുടെ സഹകരണത്തോടെ കോളേജ് മാറ്റം, പുനഃപ്രവേശനം എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി മാത്രം സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തു.
2. കോളേജ് മാറ്റ അപേക്ഷ, ഇരു കോളേജുകളുടെയും പ്രിൻസിപ്പൽമാരുടെ ശിപാർശയോടുകൂടി സമർപ്പിക്കപ്പെട്ടാൽ ആയത് എസി.എ–3, എസി.എ–5 സെക്ഷനുകളിൽ ലഭ്യമാക്കുകയും പരീക്ഷാ വിഭാഗത്തിൽ നിന്നും ഓൺലൈനായി ലഭ്യമാകുന്ന വിശാദാംശങ്ങൾ പരിശോധിച്ച് നിലവിലുള്ള മറ്റ് നിയമങ്ങൾ അനുസരിച്ച് അനുവദിക്കാവുന്ന അപേക്ഷകൾ സെക്ഷൻ ഓഫീസർ പരിശോധിച്ച ശേഷം ജോയിന്റ് രജിസ്ട്രാർ (അക്കാദമിക്) ന് അനുവദിക്കാൻ അധികാരം നല്കാൻ ശിപാർശ ചെയ്തു.
3. അപേക്ഷകൻ സമർപ്പിക്കുന്ന ഓൺലൈൻ പുനഃപ്രവേശന അപേക്ഷ കോളേജ് പ്രിൻസിപ്പൽ ശിപാർശ ചെയ്ത് സർവകലാശാലയ്ക്ക് സമർപ്പിക്കുന്നു. സെക്ഷനിൽ ലഭ്യമാകുന്ന ഈ അപേക്ഷ പരീക്ഷാ വിഭാഗത്തിൽ നിന്ന് ലഭ്യമാകുന്ന വിശദാംശങ്ങൾ ഒത്തു നോക്കിയ ശേഷം സെക്ഷൻ ഓഫീസർ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർക്ക് സമർപ്പിക്കുന്നു. ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് പുനഃപ്രവേശനം അനുവദിക്കാൻ അധികാരം നല്കാൻ ശിപാർശ ചെയ്യുന്നു.
4. മേൽ ശിപാർശ സംബന്ധിച്ച് കോളേജ് പ്രിൻസിപ്പൽമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് അസിസ്റ്റന്റ് രജിസ്ട്രാർ–2 (അക്കാദമിക്) നെ ചുമതലപ്പെടുത്താൻ ശിപാർശ ചെയ്തു.

5. കോഴ്സ് സർട്ടിഫിക്കറ്റ്, ബോധനമാധ്യമ സർട്ടിഫിക്കറ്റ് എന്നവയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്നു. കോഴ്സ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ പരീക്ഷാ വിഭാഗത്തിൽ നിന്നും ലഭ്യമാക്കുന്ന വിശദാംശങ്ങൾ ഒത്തു നോക്കി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് നല്കുന്നതിന് ശിപാർശ ചെയ്തു. ബോധനമാധ്യമ സർട്ടിഫിക്കറ്റ് അപേക്ഷകന് സൈറ്റിൽ അപേക്ഷിച്ച് നേരിട്ട് ഡൗൺലോഡ് ചെയ്യുവാൻ അനുവദിക്കാൻ ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശകളിൽ കോളേജ് മാറ്റവുമായി ബന്ധപ്പെട്ട ശിപാർശ 1985 ലെ മഹാത്മാഗാന്ധി സർവകലാശാല നിയമത്തിലെ സെക്ഷൻ 10(17) അനുസരിച്ച് വൈസ് ചാൻസലർ അംഗീകരിച്ചു. മറ്റ് ശിപാർശകൾ അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
സുനിൽ ബാബു കെ.
ഡെപ്യൂട്ടി രജിസ്ട്രാർ-3 (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി.

പകർപ്പ് : -

1. എല്ലാ കോളേജുകൾക്കും, സെക്ഷനുകൾക്കും, സ്ക്കൂളുകൾക്കും.
2. വി.സി/പി.വി.സി എന്നിവരുടെ പി.എസ്മാർ
3. രജിസ്ട്രാർ, സി.ഇ., എഫ്.ഒ എന്നിവരുടെ പി.എ-മാർ
4. സി.എം.എസ്/ഐ.ക്യു.എ.സി/എൽ.എഫ്.എ
5. എല്ലാ ജെ.ആർ/ഡി.ആർ/എ.ആർ
6. എ.സി.സി
7. പി.ആർ.ഒ
8. കരുതൽ ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

(ഫ.നം: സിറ്റാഡ്/2/2018)

മഹാത്മാഗാന്ധി സർവ്വകലാശാല